"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - എറണാകുളം സൗത്ത് പറവൂർ പി.എം. യു.പി.എസ് ലെ യു.പി.എസ്.ടി ശ്രീമതി ബിന്ധ്യ.ഇ.ബി സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിയും ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C)No.28702/2025 മേലുള്ള വിധിന്യായം നടപ്പിലാക്കിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3856/2026/GEDN തീയതി,തിരുവനന്തപുരം, 09-06-2026

---

പരാമർശം:-
1) ശ്രീമതി ബിന്ധ്യ.ഇ.ബി 28.07.2025 ൽ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി
2) WP(C) 28702/2025 നമ്പർ കേസിലെ 13.01.2026 ലെ വിധിന്യായം.
3) തൃപ്പൂണിത്തുറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17.03.2026 ലെ AEOTPT/768/2025-C നമ്പർ കത്ത്.
4) എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 01.04.2026 ലെ ഡി.ഡി.ഇ.ഇ.കെ.എം/5579/25-ബി2 നമ്പർ കത്ത്.
5) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.04.2026 ലെ ആർ.എ2/21322/2025/ഡി.ജി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ സൗത്ത് പറവൂരിലുള്ള പി.എം.യു.പി. സ്കൂളിന്റെ 2025-26 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് പ്രകാരം അനുവദിച്ച യു.പി.എസ്.ടി തസ്തിക നിലനിർത്തി തന്റെ 02.06.2025 മുതലുള്ള നിയമനം അംഗീകരിച്ച് എല്ലാ ആനുകൂല്യങ്ങളും നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി ബിന്ധ്യ.ഇ.ബി പരാമർശം (1) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും തുടർന്ന് ടിയാളും മാനേജരും ചേർന്ന് ബഹു. ഹൈക്കോടതിയിൽ WP(C)No.28702/2025 ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത കേസ് പരിഗണിച്ച ബഹു. കോടതി പരാമർശം (1) റിവിഷൻ ഹർജിയിൽ (എക്സിബിറ്റ് പി7) പരാതിക്കാർക്കും ബന്ധപ്പെട്ട മറ്റു കക്ഷികൾക്കും ഹിയറിംഗിന് അവസരം നൽകി, സമാന സാഹചര്യത്തിലുള്ള 02.05.2025 ലെ സ.ഉ (സാധാ) നം.3049/2025/പൊ.വി.വ ഉത്തരവ് (എക്സിബിറ്റ് പി8) കൂടി പരിഗണിച്ച് മൂന്നു മാസത്തിനകം തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ച് പരാമർശം (2) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാർക്കും മറ്റു ബന്ധപ്പെട്ട കക്ഷികൾക്കും ഹിയറിംഗിന് അവസരം നൽകി.

2. പരാതിക്കാരുടെ വാദങ്ങൾ പ്രകാരം, സൗത്ത് പറവൂർ പി.എം.യു.പി. സ്കൂളിന്റെ 2025-26 വർഷത്തെ തസ്തിക നിർണ്ണയത്തിൽ ആകെ 17 ഡിവിഷനുകളും ഒരു പ്രധാനാദ്ധ്യാപിക, 8 യു.പി.എസ്.റ്റി., 8 എൽ.പി.എസ്.റ്റി., ഒരു ജൂനിയർ സംസ്കൃതം, ഒരു ജൂനിയർ ഹിന്ദി, ഒരു

ഓഫീസ് അറ്റൻഡന്റ്, എച്ച്.റ്റി.വി. ഒഴിവിൽ ഒരു അധിക യു.പി.എസ്.റ്റി. എന്നിവയുൾപ്പെടെ 21 തസ്തികകളും അനുവദിക്കുകയുണ്ടായി. ആറാം ക്ലാസിൽ ആറാം പ്രവർത്തി ദിവസം യു.ഐ.ഡി. ഉള്ള 71 കുട്ടികളാണ് ഉണ്ടായിരുന്നത്. ഇതിൽ കാർത്തിക് പി.എം. എന്ന വിദ്യാർത്ഥി 14.07.2025 നും ആരതി ഗോപികൃഷ്ണൻ എന്ന വിദ്യാർത്ഥിനി 18.09.2025 ലും ടി.സി വാങ്ങിയതിനെ തുടർന്ന് ആറാം ക്ലാസിലെ റോൾ സ്ട്രെങ്ങ്ത്ത് 71 ൽ നിന്നും 69 ആയി കുറയുകയുണ്ടായി. തുടർന്ന് 2025-26 വർഷത്തെ തസ്തിക നിർണ്ണയം പുന:ക്രമീകരിക്കുകയും, ആറാം ക്ലാസിലെ മൂന്നാമത്തെ ഡിവിഷനും, അനുബന്ധമായി ഒരു യു.പി.എസ്.റ്റി. തസ്തികയും കുറവ് ചെയ്യുകയും ചെയ്തു. ആറാം പ്രവർത്തി ദിവസത്തിന് ശേഷം മതിയായ കാരണങ്ങൾ കൂടാതെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് വരികയാണെങ്കിൽ ടി വർഷത്തിലെ തസ്തിക നിർണ്ണയ ഉത്തരവ് പുനർനിർണ്ണയിക്കുന്നതിന് സ.ഉ.(പി)നം.5/2022/പൊ.വി.വ. ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. താമസം മാറേണ്ടിവന്നതിനാൽ തികച്ചും അനിവാര്യ സാഹചര്യത്തിലാണ് കാർത്തിക് പി.എം., ആരതി ഗോപികൃഷ്ണൻ എന്നീ കുട്ടികൾ ടി.സി. വാങ്ങി മറ്റൊരു സ്കൂളിൽ ചേർന്നത്. അവർ രണ്ടുപേരും പ്രസ്തുത സ്കൂളിൽ പഠനം തുടരുകയും ചെയ്യുന്നുണ്ട്. ആയതിനാൽ ടി.സി. നൽകേണ്ടിവന്നത് തികച്ചും മതിയായ കാരണങ്ങളാലാണെന്നത് വ്യക്തമാണ്. തൃശ്ശൂർ ജില്ലയിലെ കള്ളായി പി.ജി. എം.എൽ.പി. സ്കൂളിലെ 3-ാം ക്ലാസിൽ നിന്നും ഒരു കുട്ടി ടി.സി. വാങ്ങിപ്പോയത് പ്രകാരം തസ്തിക നിർണ്ണയം പുന:ക്രമീകരിച്ച ചേർപ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി 02.05.2025 ലെ സ.ഉ.(സാധാ) നം.3049/2025/പൊ.വി.വ. പ്രകാരം റദ്ദ് ചെയ്യുകയും മതിയായ കാരണങ്ങളാൽ കുട്ടികൾ ടി.സി. വാങ്ങിപ്പോകുന്ന സാഹചര്യത്തിൽ കൃത്രിമ അഡ്മിഷൻ നടന്നിട്ടില്ലെന്ന് ബോദ്ധ്യമാകുന്നുണ്ടെങ്കിൽ തസ്തിക പുനർനിർണ്ണയം നടത്തേണ്ടതില്ലെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആറാം പ്രവർത്തി ദിവസത്തിന് ശേഷം ആറാം ക്ലാസിൽ കുട്ടികൾ പ്രവേശനം നേടിയിട്ടുള്ളതിനാൽ യു.ഐ.ഡി. ഉള്ള 72 കുട്ടികളാണ് ഇപ്പോൾ ഉള്ളത്. ഈ സാഹചര്യത്തിൽ, സൗത്ത് പറവൂർ പി.എം.യു.പി. സ്കൂളിന് 2025-26 വർഷം അനുവദിച്ച് നൽകിയ ആറാം ക്ലാസിലെ മൂന്നാമത്തെ ഡിവിഷനും അനുബന്ധ യു.പി.എസ്.റ്റി. തസ്തികയും പുന:സ്ഥാപിച്ച് നൽകുവാൻ തൃപ്പൂണിത്തുറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണം.

3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ പ്രകാരം, എറണാകുളം സൗത്ത് പറവൂർ പി.എം.യു.പി സ്കൂളിലെ വിരമിക്കൽ ഒഴിവിൽ ശ്രീമതി ബിന്ധ്യ ഇ.ബി യെ 02.06.2025 മുതൽ യു.പി.എസ്.ടി ആയി നിയമിച്ചു. ടി സ്കൂളിന്റെ 2025-26 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം ആറാം ക്ലാസ്സിൽ യു.ഐ.ഡി ഉള്ള 71 കുട്ടികളാണ് ഉണ്ടായിരുന്നത്. ആറാം പ്രവൃത്തി ദിനത്തിന് ശേഷം കാർത്തിക്.പി.എം എന്ന വിദ്യാർത്ഥി 14.07.2025 ന് ടി.സി വാങ്ങി പോയതിനാൽ കുട്ടികളുടെ എണ്ണം 70 ആവുകയും ഒരു ഡിവിഷനും ഒരു യു.പി.എസ്.ടി തസ്തികയും നഷ്ടമാവുകയും ചെയ്തു. തുടർന്ന് മാനേജരും ശ്രീമതി. ബിന്ധ്യ ഇ.ബി യും ഫയൽ ചെയ്ത WP(C)No.28702/2025 ന്റെ അന്തിമവിധിക്ക് വിധേയമായിരിക്കും എന്ന വ്യവസ്ഥയിൽ സൗത്ത് പറവൂർ പി.എം യു പി സ്കൂളിന്റെ 2025-26 വർഷത്തെ തസ്തിക നിർണ്ണയം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുന:നിർണ്ണയിച്ചുത്തരവാകുകയും, സമന്വയ മുഖേന സമർപ്പിച്ച ശ്രീമതി ബിന്ധ്യ ഇ.ബി യുടെ 02.06.2025 മുതൽ യു.പി.എസ്.ടി തസ്തിയിലെ നിയമനാംഗീകാര അപേക്ഷ നിരസിക്കുകയും ചെയ്തിരുന്നു. 18.04.2022 ലെ സ.ഉ.(പി)നം.5/2022/പൊ.വി.വ. പ്രകാരമുള്ള KER ചട്ടഭേദഗതിക്കനുസരിച്ചാണ് സൗത്ത് പറവൂർ പി.എം യു.പി സ്കൂളിന്റെ 2025-26 വർഷത്തെ തസ്തിക പുനഃനിർണ്ണയിച്ചത്. കെ.ഇ.ആർ അദ്ധ്യായം XXIII ചട്ടം 12(8) ചട്ടഭേദഗതി പ്രകാരം

തസ്തിക നിർണ്ണയത്തിന് ശേഷം ജനുവരി 31 നു മുൻപ് ഡിവിഷൻ/തസ്തിക കുറവ് വരുന്ന തരത്തിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് വന്നാൽ പ്രധാനാധ്യാപിക ആയത് സമന്വയ മുഖേന റിപ്പോർട്ട് ചെയ്യേണ്ടതും അതനുസരിച്ച് വിദ്യാഭ്യാസ ആഫീസർമാർ 20 ദിവസത്തിനകം ഡിവിഷൻ/തസ്തിക കുറവ് വരുത്തേണ്ടതുമാണ്. തസ്തിക നിർണ്ണയം റിവൈസ് ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ മാത്രമേ തസ്തിക കുറയുന്നതിന് പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്. 19.08.2025 ൽ ബദരീനാഥ് സനീഷ് എന്ന വിദ്യാർത്ഥി ടി സ്കൂളിൽ ആറാം ക്ലാസ്സിൽ ചേർന്നതായി പ്രധാനാധ്യാപിക അറിയിച്ചിട്ടുണ്ടെങ്കിലും തസ്തിക നിർണയത്തിന് ശേഷം പുതുതായി ചേരുന്ന കുട്ടികളുടെ എണ്ണം തസ്തിക നിർണ്ണയത്തിന് പരിഗണിക്കുവാൻ നിലവിലെ വ്യവസ്ഥകൾ പ്രകാരം കഴിയില്ല. മേൽ സാഹചര്യത്തിൽ, സൗത്ത് പറവൂർ പി.എം.യു.പി സ്കൂളിൽ യു.പി.എസ്.ടി തസ്തിക നിലനിർത്തുന്നതിനോ പ്രസ്തുത തസ്തികയിൽ നിയമിച്ച ശ്രീമതി.ബിന്ധ്യ.ഇ.ബി യുടെ നിയമനം അംഗീകരിക്കുന്നതിനോ നിർവാഹമില്ല.

4. ഹിയറിംഗിൽ ഉയർന്ന വാദഗതികളുടേയും ലഭ്യമായ റിപ്പോർട്ടുകളുടേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. എറണാകുളം സൗത്ത് പറവൂർ പി.എം.യു.പി സ്കൂളിന്റെ 2025-26 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം ആറാം ക്ലാസ്സിൽ യു.ഐ.ഡി ഉള്ള 71 കുട്ടികളാണ് ഉണ്ടായിരുന്നത്. ആറാം പ്രവൃത്തി ദിനത്തിന് ശേഷം കാർത്തിക്.പി.എം എന്ന വിദ്യാർത്ഥി 14.07.2025 ന് ടി.സി വാങ്ങി പോയതിനാൽ കുട്ടികളുടെ എണ്ണം 70 ആവുകയും ഒരു ഡിവിഷനും ഒരു യു.പി.എസ്.ടി തസ്തികയും കുറവ് ചെയ്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തിക പുന:നിർണ്ണയിക്കുകയും ചെയ്തു. ടി ഡിവിഷനും യു.പി.എസ്.റ്റി തസ്തികയും പുന:സ്ഥാപിച്ച് ശ്രീമതി ബിന്ധ്യ ഇ.ബി യുടെ 02.06.2025 മുതലുള്ള നിയമനം അംഗീകരിക്കണമെന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം.

5. 18.04.2022 ലെ സ.ഉ.(പി)നം.5/2022/പൊ.വി.വ. പ്രകാരമുള്ള കെ.ഇ.ആർ അദ്ധ്യായം XXIII ചട്ടം 12(8) ചട്ടഭേദഗതി പ്രകാരം തസ്തിക നിർണ്ണയത്തിന് ശേഷം ജനുവരി 31 നു മുൻപ് ഡിവിഷൻ/തസ്തിക കുറവ് വരുന്ന തരത്തിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് വന്നാൽ പ്രധാനാധ്യാപിക ആയത് സമന്വയ മുഖേന റിപ്പോർട്ട് ചെയ്യേണ്ടതും അതനുസരിച്ച് വിദ്യാഭ്യാസ ആഫീസർമാർ 20 ദിവസത്തിനകം ഡിവിഷൻ/തസ്തിക കുറവ് വരുത്തേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് സൗത്ത് പറവൂർ പി.എം യു.പി സ്കൂളിന്റെ 2025-26 വർഷത്തെ തസ്തിക പുനഃനിർണ്ണയിച്ചിട്ടുള്ളത്. തസ്തിക നിർണ്ണയത്തിന് ശേഷം 19.08.2025 ൽ ബദരീനാഥ് സനീഷ് എന്ന വിദ്യാർത്ഥി ടി സ്കൂളിൽ ആറാം ക്ലാസ്സിൽ ചേർന്നിട്ടുണ്ടെങ്കിലും തസ്തിക നിർണയത്തിന് ശേഷം പുതുതായി ചേരുന്ന കുട്ടികളുടെ എണ്ണം തസ്തിക നിർണ്ണയത്തിന് പരിഗണിക്കുവാൻ നിലവിലെ വ്യവസ്ഥകൾ പ്രകാരം കഴിയില്ല.

6. റിവിഷൻ ഹർജി പരിശോധിക്കുമ്പോൾ 02.05.2025 ലെ സ.ഉ.(സാധാ) നം.3049/2025/പൊ.വി.വ. ഉത്തരവ് കൂടി പരിഗണിക്കണമെന്ന് ബഹു. കോടതി നിർദ്ദേശിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ കള്ളായി പി.ജി. എം.എൽ.പി. സ്കൂളിലെ 3-ാം ക്ലാസിൽ നിന്നും ഒരു കുട്ടി ടി.സി. വാങ്ങിപ്പോയത് പ്രകാരം തസ്തിക നിർണ്ണയം പുന:ക്രമീകരിച്ച ചേർപ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി 02.05.2025 ലെ സ.ഉ.(സാധാ) നം.3049/2025/പൊ.വി.വ. പ്രകാരം റദ്ദ് ചെയ്യുകയും മതിയായ കാരണങ്ങളാൽ കുട്ടികൾ ടി.സി. വാങ്ങിപ്പോകുന്ന സാഹചര്യത്തിൽ കൃത്രിമ അഡ്മിഷൻ നടന്നിട്ടില്ലെന്ന് ബോധ്യമാകുന്നുണ്ടെങ്കിൽ തസ്തിക പുനർനിർണ്ണയം

നടത്തേണ്ടതില്ലെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. സൗത്ത് പറവൂർ പി.എം.യു.പി. സ്കൂളിന്റെ അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ 14/07/2025 ന് കാർത്തിക് പി.എം. ന് ടി.സി. ഇഷ്യൂ ചെയ്തതായി കണ്ടെത്തിയിട്ടുണ്ടെന്നും, ടി വിദ്യാർത്ഥിയെ ഈ സ്കൂളിൽ അഡ്മിറ്റ് ചെയ്തിരിക്കുന്നത് 05/06/2025 തീയതിയിലാണെന്നും, ടി വിദ്യാർത്ഥി എസ്.എം.എസ്.എൻ. എച്ച്.എസ്.എസ്. വൈക്കം സ്കൂളിൽ നിന്നാണ് വന്നതെന്നും, തിരികെ 14/07/2025 ന് ടി.സി വാങ്ങി പോയിരിക്കുന്നതും അതെ സ്കൂളിലേക്ക് തന്നെയാണെന്നുമാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

7. മറ്റേതെങ്കിലും സ്കൂളുകളിലെ തസ്തിക നിർണ്ണയത്തിൽ പരിഗണിച്ചിരിക്കാമെന്ന കാരണത്താൽ ആറാമത്തെ പ്രവർത്തി ദിനത്തിന് ശേഷം ഒരു സ്കൂളിൽ പുതുതായി അഡ്മിഷൻ നേടുന്ന കുട്ടികളെ ടി സ്കൂളിലെ ആ വർഷത്തെ തസ്തിക നിർണ്ണയത്തിന് പരിഗണിക്കാനാവില്ല. ആറാം ക്ലാസ്സിൽ 14.07.2025 ന് ടി.സി വാങ്ങി പോയ (ഒരു മാസം മാത്രം ടി സ്കൂളിൽ തുടർന്ന) വിദ്യാർത്ഥിയെ ഒഴിവാക്കിയാൽ 70 കുട്ടികൾക്ക് 2 ഡിവിഷൻ മാത്രമേ അനുവദിക്കാൻ സാധിക്കു എന്നതിനാൽ, ടി വിദ്യാർത്ഥിയെ ഒഴിവാക്കി 2025-26 വർഷം ആറാം ക്ലാസ്സിൽ 1 ഡിവിഷനും 1 യു.പി.എസ്.ടി തസ്തികയും കുറവ് ചെയ്ത തസ്തിക പുന:നിർണ്ണയിച്ച തൃപ്പൂണിത്തുറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമപ്രകാരമാണ്. ഈ സാഹചര്യത്തിൽ, സൗത്ത് പറവൂർ പി.എം. യു.പി. സ്കൂളിൽ 2025-26 വർഷം ആറാം ക്ലാസ്സിൽ കുറവ് ചെയ്ത ഒരു ഡിവിഷനും ഒരു യു.പി.എസ്.റ്റി. തസ്തികയും പുന:സ്ഥാപിച്ച് നൽകണമെന്ന ശ്രീമതി.ബിന്ധ്യ.ഇ.ബി. യുടെ പരാമർശം (1) റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ച തീർപ്പാക്കിയും അപ്രകാരം പരാമർശം (2) വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃപ്പൂണിത്തുറ
മാനേജർ/ശ്രീമതി ബിന്ധ്യ.ഇ.ബി, യു.പി.എസ്.ടി,
പി.എം. യു.പി.എസ്, സൗത്ത് പറവൂർ, എറണാകുളം.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 09-06-2026 14:28:44
സെക്ഷൻ ഓഫീസർ